# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2825

06.11.2019-ലെ മറുപടി

## ജലഅതോറിറ്റിയുടെ വരവുചെലവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2018-19 സാമ്പത്തിക വർഷത്തിൽ വെള്ളക്കരം, നോൺ പ്ലാന്റ് ഗ്രാന്റ് തുടങ്ങിയവ ചേർത്ത് ജല അതോറിറ്റിയുടെ വരുമാനം 1057.46 കോടി രൂപയും ചെലവ് 1082.82 കോടി രൂപയായിരുന്നോ; ഇതു പ്രകാരം നഷ്ടം 25.36 കോടി രൂപയാണോ; | (എ) | 2018-19 സാമ്പത്തിക വർഷത്തെ അതോറിറ്റിയുടെ "കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്" അനുസരിച്ച് 1057.46 കോടി രൂപ തനത് വർഷത്തെ വരവും 1082.82 കോടി രൂപ തനത് വർഷത്തെ ചെലവും, 25.36 കോടി രൂപ ധനകമ്മിയുമാണ്. ഈ കമ്മി മുൻവർഷത്തെ നീക്കിയിരുപ്പിൽ നിന്ന് കണ്ടെത്തി. ഇത് അതോറിറ്റിയ്ക്ക് 2018-19 -ൽ കിട്ടിയ റവന്യൂ ഫണ്ടിന്റെ വരവ് ചെലവ് കണക്കാണ്. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതിൽ 2018-19 വർഷം കൊടുക്കേണ്ട ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, അറ്റകുറ്റപണികളുടെ ബില്ലുകൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നൽകാനുള്ള അതാത് മാസത്തെ വൈദ്യുതി ചാർജ്ജ് തുടങ്ങി കൊടുത്തു തീർക്കുവാൻ സാധിക്കാത്ത ചെലവുകൾ പരിഗണിച്ചിട്ടില്ല . സർക്കാർ ലോണുകൾക്ക് ഉള്ള പലിശ, തേയ്മാന ചിലവ് എന്നിവയും പരിഗണിച്ചിട്ടില്ല. |
| (ബി) | കൂടാതെ വൈദ്യുതി ചാർജ്ജ് ഉയർത്തിയതോടെ അധിക ബാധ്യതയായി 23 കോടി രൂപയും വാട്ടർ അതോറിറ്റി കണ്ടെത്തേണ്ട തുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വൈദ്യുതി ചാർജ്ജ് ഉയർത്തിയതോടെ അധിക ബാധ്യത വാട്ടർ അതോറിറ്റി കണ്ടെത്തേണ്ടതുണ്ട്. ഇത് അതോറിറ്റിയുടെ ദൈനംദിന പ്രവർത്തന ചെലവുകളെ കാര്യമായി ബാധിക്കും. തന്മൂലം അതോറിറ്റിയുടെ പ്രവർത്തനനഷ്ടത്തിൽ വർദ്ധനവ് ഉണ്ടാകും. നിലവിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയ്ക്ക് ശേഷം പ്രതിമാസം ഏകദേശം 30 കോടി രൂപയാണ് ജല അതോറിറ്റി വൈദ്യുതി ചാർജ്ജായി അടക്കുവാൻ ഉള്ളത്. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (സി) | ജല അതോറിറ്റിയുടെ മൊത്തം നഷ്ടം ഇതുവരെ 365 കോടി രൂപയാണോ; | (സി) | ജല അതോറിറ്റിയുടെ നാളിതുവരെയുള്ള നഷ്ടം 365 കോടി രൂപയല്ല. 2013-14 ഓഡിറ്റഡ് വരവ് ചെലവ് കണക്ക് അനുസരിച്ച് സഞ്ചിതനഷ്ടം 2390.57 കോടി രൂപയാണ്. 2018-19 വരെയുള്ള പ്രൊവിഷണൽ അക്കൗണ്ട്സ് അനുസരിച്ച് സഞ്ചിതനഷ്ടം 4632.87 കോടിരൂപയാണ്. |
| (ഡി) | വെള്ളക്കരം വർദ്ധിപ്പിക്കുന്ന കാര്യം വാട്ടർ അതോറിറ്റിയുടെ പരിഗണനയിലുണ്ടോ; വെള്ളക്കരം കുടിശ്ശികയായി എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്; വ്യക്തമാക്കാമോ? | (ഡി) | വെള്ളക്കരം വർദ്ധിപ്പിക്കുന്ന കാര്യം വാട്ടർ അതോറിറ്റിയുടെപരിഗണനയിലുണ്ട്. വെള്ളക്കരം കുടിശ്ശികയായി ജല അതോറിറ്റിക്ക് 1111.54 കോടി രൂപ പിരിഞ്ഞുകിട്ടേണ്ടതുണ്ട്. ഇത് ഭൂരിഭാഗവും പലിശയും പിഴപലിശയും ഉൾപ്പെട്ടതാണ്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക വളരെ കുറവാണ്. പിരിഞ്ഞു കിട്ടാനുള്ള തുകയിൽ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലുള്ള കുടിശ്ശികയും ഉണ്ട്. |

**സെക്ഷൻ ഓഫീസർ**